"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 –2324951
0471 –2325071
Tele FAX : 0471 – 2324951
e-mail: celsgd@gmail.com
website: www.celsgd.kerala.gov.in

നം. ഡിബി4/531/CMLRRP/2020/സിഇ/തസ്വഭവ തീയതി : 08.05.2020

## പരിപത്രം

വിഷയം : തസ്വഭവ – സാങ്കേതിക വിഭാഗം – "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി [Chief Minister's Local Roads Rebuild Project (CMLRRP)] പ്രവൃത്തികളുടെ നിർവ്വഹണം – ഭേദഗതി – സംബന്ധിച്ച്

സൂചന :
1. സ.ഉ(സാധാ)നം.49/2020/തസ്വഭവ, തീയതി 18.03.2020
2. സ.ഉ(സാധാ)നം.71/2020/തസ്വഭവ, തീയതി 04.05.2020
3. സർക്കാരിൽ നിന്നുള്ള 06.05.2020ലെ 118/N/M(LSGD) നമ്പർ കുറിപ്പ്

സൂചന (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ നാളിതുവരെ 4129 പ്രവൃത്തികൾക്ക് ഭരണാനുമതി അനുവദിച്ച ഉത്തരവായിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ മറ്റ് പദ്ധതികളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ ക്യാൻസൽ ചെയ്യാവുന്നതും പുതിയ പ്രൊപ്പോസൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിയന്ത്രണാധികാരി മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. കൂടാതെ, പ്രവൃത്തികളുടെ നല്ല രീതിയിലുള്ള പൂർത്തീകരണത്തിന്, അനുവദിച്ച തുക പര്യാപ്തമല്ലെങ്കിൽ പുതുക്കിയ ഭരണാനുമതിക്ക് വേണ്ടിയുള്ള പുതിയ ഒരു പ്രൊപ്പോസലും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ 10 ദിവസത്തിനകം തന്നെ സമർപ്പിക്കേണ്ടതാണ്.

ഇതിനായി <u>P –1073</u> എന്ന Proforma-യിൽ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ടി-പ്രൊഫോർമ ഈ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റിലെ പ്രൊഫോർമ ലിങ്കിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലെ പ്രവൃത്തികളിലെ ഭേദഗതികളെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുഖാന്തിരവും, മുനിസിപ്പാലിറ്റികളിലെ ഭേദഗതികൾ അതാത് മേഖല സൂപ്രണ്ടിങ് എഞ്ചിനീയർമാർ മുഖാന്തിരവും കോർപ്പറേഷനുകളിലെ ഭേദഗതികൾ സൂപ്രണ്ടിങ് എഞ്ചിനീയർമാർ മുഖാന്തിരവും **<u>15.05.2020-ന്, ഉച്ചയ്ക്ക് 1 മണിക്ക് മുൻപായി</u>** മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള ഗൂഗിൾ ഷീറ്റിൽ രേഖപ്പെടുത്തലുകൾ നടത്തി സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണെന്ന് കൂടി ഓർമ്മപ്പെടുത്തുന്നു.

ചീഫ് എഞ്ചിനീയർ